## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *399 18/10/2011 ൽ മറുപടിയ്ക്ക്

### വ്യവസായപരിശീലന കേന്ദ്രങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗക്കാർക്കുളള വ്യവസായപരിശീലന കേന്ദ്രങ്ങളും അപ്രന്റീസ് പരിശീലനപരിപാടികളും മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 44 ഐ.ടി.സി.കളും, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 3 ഐ.ടി.സി.കളും പ്രവർത്തിച്ചു വരുന്നു. പുതുതായി പ്രവർത്തനം ആരംഭിച്ച 3 ഐ.ടി.സികൾ ഒഴിച്ചുള്ള 41 ഐ.ടി.സികൾക്കും NCVT അഫിലിയേഷൻ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി മൂന്ന് ഐ.റ്റി.സി.കളും സംസ്ഥാന സർക്കാരിന് കീഴിലുള്ള SCVT-യുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. ഇവയ്ക്ക് NCVT അഫിലിയേഷൻ ലഭിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>എല്ലാ ഐ.ടി.സി-കളിലും NCVT നോംസിന്റെ അടിസ്ഥാനത്തിലുള്ള പഠനോപകരണങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിയിട്ടുള്ളതോടൊപ്പം ആധുനിക പഠനോപകരണങ്ങളും മെഷീനറികളും ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനികളുടെ പഠന നിലവാരവും ഐ.ടി.സികളുടെ പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി എല്ലാ ഐ.ടി.സി-കളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനികൾക്ക് നിലവാരമുള്ള പരിശീലനം ലഭിക്കുന്നതിനായി ട്രെയിനിംഗ് ഇൻസ്ട്രക്ടർമാർക്ക് Directorate General of Employments and Training-ന്റെ കീഴിലുള്ള ഹൈദ്രാബാദിലെ അഡ്വാൻസ്ഡ് |

ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അയച്ച് 3 മാസത്തെ Principle of Teaching എന്ന കോഴ്സിൽ പരിശീലനവും, എല്ലാ അദ്ധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനവും നൽകിയിട്ടുണ്ട്.

പുതുതായി പ്രവർത്തനം ആരംഭിച്ച 3 ഐ.ടി.സി കൾ ഒഴിച്ചുള്ള 41 ഐ.ടി.സികളിലും ടെലഫോൺ കണക്ഷൻ, ഇന്റർനെറ്റ് സംവിധാനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പുതിയ ഐ.ടി.സികളിൽ കൂടി പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഐ.ടി.സി-കളിൽ നിന്ന് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ടൂൾ കിറ്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, പത്തനംതിട്ട ജില്ലയിൽ പന്തളം, ഐക്കാട്, കൊല്ലം ജില്ലയിൽ ഓച്ചിറ, കുളക്കട, കോട്ടയം ജില്ലയിൽ എസ്.പി. കോളനി, തൃശ്ശൂർ ജില്ലയിൽ എങ്കക്കാട്, പാലക്കാട് ജില്ലയിൽ മംഗലം എന്നീ 8 ഐ.ടി.സികളെ മോഡൽ റസിഡൻഷ്യൽ ഐ.ടി.സികളാക്കി മാറ്റി സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി മര്യാപുരം , പന്തളം, എസ്.പി കോളനി എന്നീ ഐ.ടി.സികളിൽ പഠന പരിശീലന കെട്ടിടങ്ങൾ , ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു. മറ്റ് ഐ.ടി.സികളിൽ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. കോഴിക്കോട് ജില്ലയിൽ ഏലത്തൂർ, പാലക്കാട് ജില്ലയിൽ മംഗലം എന്നീ 2 ഐ.ടി.സികളിൽ കേന്ദ്ര ഗവ: പദ്ധതിയായ Upgradation of ITI's through Public Private Partnership സ്കീമിൽ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. ഈ പദ്ധതിയിൽ പുതുതായി തിരുവനന്തപുരം ജില്ലയിൽ മര്യാപുരം, പത്തനംതിട്ട ജില്ലയിൽ പന്തളം എന്നീ രണ്ട് ഐ.ടി.സി-കളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ.ടി.ഐ/ ഐ.ടി.സി-കളിൽ നിന്ന് ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതിയനുസരിച്ചുള്ള വിവിധ കോഴ്സുകൾ പഠിച്ച് ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് / എസ്.സി.വി.റ്റി. കോഴ്സ് പാസ്സാകുന്നവർക്ക്

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ട തൊഴിൽ നൈപുണ്യം നേടുന്നതിലേയ്ക്ക് 1 വർഷം അപ്രന്റീസ്ഷിപ്പിനായി 2000 രൂപ നിരക്കിലും, ഡിപ്ലോമ പാസായവർക്ക് ഒരു വർഷം പരിശീലനത്തിന് പ്രതിമാസം 2500 രൂപ നിരക്കിലും, എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സായവർക്ക് ഒരു വർഷത്തേയ്ക്ക് പ്രതിമാസം 3000 രൂപ നിരക്കിലും സ്റ്റൈപ്പന്റ് നൽകി വരുന്നു. ആൾ ഇന്ത്യ അപ്രന്റീസ്ഷിപ്പിന് ട്രേഡ് ടെസ്റ്റ് പാസാകുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് അഡീഷണൽ അപ്രന്റീസ്ഷിപ്പിന് വേണ്ടി ഒരു വർഷക്കാലത്തേയ്ക്ക് പ്രതിമാസം 2000 രൂപ നിരക്കിലും സ്റ്റൈപ്പന്റ് നൽകി വരുന്നു.<br>ഐ.ടി.ഐ./ ഐ.ടി.സി , എഞ്ചിനീയറിംഗ് ഡിപ്ലോമ, ഡിഗ്രി എന്നീ വിഭാഗത്തിലുള്ളവർക്ക് അപ്രന്റീസ് പരിശീലനത്തിന് നൽകി വരുന്ന സ്റ്റൈപ്പന്റ് യഥാക്രമം 3000, 4000, 4500 എന്നീ നിരക്കിലും അഡീഷണൽ അപ്രന്റീസ്ഷിപ്പ് പരിശീലനത്തിന് 3000 രൂപ നിരക്കിലും വർദ്ധിപ്പിക്കുവാനുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഈ കേന്ദ്രങ്ങളിലെ സുപ്രധാന ട്രേഡുകൾ നിലനിർത്തി, ജോലി സാദ്ധ്യത കുറഞ്ഞ, കാലോചിതമല്ലാത്തവമാറ്റി പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ആദ്യകാലത്ത് പ്രവർത്തനം ആരംഭിച്ച ഐ.ടി.സി-കളിൽ നിലവിൽ പരിശീലനം നൽകി വരുന്ന ആധുനിക കാലഘട്ടത്തിന് യോജിക്കാത്തതായ ട്രേഡുകൾ മാറ്റി പകരം പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും, സ്ഥല സൗകര്യമുള്ള ഐ.ടി.സി-കളിൽ നിലവിലുള്ള ട്രേഡുകൾക്കൊപ്പം കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br>പൂൾഡ് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ഐ.റ്റി.ഐ.യിൽ ടൂൾ ആന്റ് ഡൈ മേക്കർ ട്രേഡ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞുവരുന്നു. |
| (സി) | വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സാധാരണക്ലാസ്സ് സമയത്തിനുശേഷം ഫീസ് ഈടാക്കാതെ പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.സി. കളിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് (ഡി.ജി.ഇ.റ്റി) മാനദണ്ഡപ്രകാരം എൻ.സി.വി.റ്റി ട്രെയിനിംഗാണ് നൽകുന്നത്. പ്രസ്തുത കോഴ്സുകൾ 1 വർഷം, 2 വർഷം ദൈർഘ്യമുള്ളവയാണ്. 2 വർഷം |

| | | | |
|---|---|---|---|
| | | | ദൈർഘ്യമുള്ള കോഴ്സുകൾക്ക് 2 ഷിഫ്റ്റുകളായിട്ടാണ് പരിശീലനം നൽകുന്നത്. രാവിലെ 7 മുതൽ വൈകിട്ട് 3 വരെയും രാവിലെ 9 മുതൽ വൈകിട്ട് 5 വരെയുള്ളതാണ് പ്രസ്തുത ഷിഫ്റ്റുകൾ. ഓരോ ഷിഫ്റ്റിലും 5 മണിക്കൂർ പ്രായോഗിക പരിശീലനമാണ്. ആയതിനാൽ മേൽപ്പറഞ്ഞ 2 പദ്ധതികളും ക്ലാസ്സ് സമയത്തിന് ശേഷമാണ് നടപ്പിലാക്കുന്നത് (സാധാരണ ക്ലാസ്സ് സമയത്തിന് ശേഷം ഐ.ടി.സി ട്രെയിനികൾക്ക് അധിക പരിശീലനത്തിനായി വളരെ കുറഞ്ഞ സമയമേ ലഭിക്കുന്നുള്ളൂ). എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിച്ച ഐ.ടി.സി-കളിൽ പഠിക്കുന്ന ട്രെയിനികൾക്ക് തങ്ങൾ പ്രാവീണ്യം നേടുന്ന ട്രേഡുകൾക്കൊപ്പം കമ്പ്യൂട്ടർ പരിശീലനം കൂടി നൽകുന്നതിനായി ഐ.ടി. ലിറ്ററസി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വിദ്യാർത്ഥികളിൽ പഠന നിലവാരം മോശമായവർക്കും ആൾ ഇന്ത്യ ട്രേഡ് ടെസ്റ്റിന് പരാജയപ്പെടുന്ന ട്രെയിനികൾക്കും വേണ്ടി ഐ.ടി.സി-കളിൽ ട്യൂഷൻ പദ്ധതിയും ഏർപ്പെടുത്തിയിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.സി-കളിൽ പഠിക്കുന്ന ട്രെയിനികൾക്ക് സൗജന്യമായാണ് എല്ലാ പരിശീലനങ്ങളും നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ